PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

29345
12/11/58

Third Session—1955.

Monday, the 17th October 1955.

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Monday, the 17th October 1955, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

സിനിമാതൊഴിലാളികൾ.

*513. [1] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യത്തിന്മേൽ മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തുള്ള സിനിമാശാലകളിൽ പ്രവൃത്തിയെടുത്തുവരുന്ന തൊഴിലാളികൾക്ക് ഷാപ്പ് ആൻഡ് എസ്റ്റാബ്ലിഷ്മെൻറ് ആക്ടിന് ബാധകമാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ തിരുവനന്തപുരം സിറ്റിയിലുള്ള വിവിധ തീയേറ്ററുകളിൽ പ്രവൃത്തിയെടുത്തുവരുന്ന തൊഴിലാളികൾക്ക് ഈ ആക്ടിലെ വ്യവസ്ഥകൾ ഇനിയും ബാധകമാക്കിയിട്ടില്ലെന്നുള്ള വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ, ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്താൻ ഗവണ്മെൻറ് കർശനമായ നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം സിറ്റിയിലുള്ള തീയേറ്ററുകളിൽ പ്രവൃത്തിയെടുത്തുവരുന്ന തൊഴിലാളികൾക്ക് ബാധകമാണ്.

(സി) ഉദിക്കുന്നില്ല.

ശ്രീ. വി. ശ്രീധരൻ: തിരുവനന്തപുരം സിറ്റിയിൽ, ഇതു് ബാധകമാക്കിട്ടുള്ളപ്രദേശത്തെ യാതൊരു ഗുണവും കിട്ടുന്നില്ല എന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ അറിവില്ല.

ശ്രീ. വി. ശ്രീധരൻ: ഗുണം കിട്ടുന്നില്ലെന്നുള്ള കാര്യം ഗവണ്മെൻറ് ശ്രദ്ധയിൽ പെടുത്തിയാൽ അതിനെക്കുറിച്ചു് അന്വേഷിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നിസ്സംശയമായും.

ശ്രീ. കെ. ബാലകൃഷ്ണൻ: ടെമ്പററി സിന് മാതിയേറ്ററിനും ഈ ആക്ടറ് ബാധകമാക്കിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടെന്നാണ് തോന്നുന്നതു്, പക്ഷേ സൂക്ഷ്മം അറിഞ്ഞാൽ പാടില്ല.

ശ്രീ. പി. ഗോപാലൻ: ഈ ആക്ടിലെ വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ള മുതലാളിമാരുടെ പേരിൽ നടപടി എടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തീർച്ചയായും.

ശ്രീ. വി. ശ്രീധരൻ: ഇതു നടപ്പിൽ വരുത്തിയിട്ടുണ്ടോ ഇല്ലയോ എന്നു് പരിശോധിക്കുന്നതിനു് ഏതു ഉദ്യോഗസ്ഥനെയാണു് ചുമതല പ്പെടുത്തിയിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ലേബർഡിപ്പാർട്ടുമെൻറിനെയാണു് ചുമതലപ്പെടുത്തിയിട്ടുള്ളതു്. ഇതുവരെ അവിടെ ഇതിനെ സംബന്ധിച്ചു് ആക്ഷേപം കിട്ടിയിട്ടില്ല.

ജന്മികരം.

* 514. [2] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയിൽ ചുമത്തപ്പെട്ടിരിക്കുന്ന അടിസ്ഥാനനികുതിക്കു് പുറമേയുള്ള ജന്മികരംപിരിവു് അവസാനിപ്പിക്കുവാൻ ഈ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധമായി ഗവണ്മെൻറ് ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടു്;

(സി) ജന്മികരം ഇനത്തിൽ ഈടാക്കിവരുന്ന മൊത്തം സംഖ്യ എത്ര;

(ഡി) ഇതിൽ ഗവണ്മെൻറിനു ലഭിക്കുന്ന കമ്മിഷൻ എത്ര?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉദ്ദേശിക്കുന്നില്ല.

(ബി) ഉദിക്കുന്നില്ല.

(സി) 102,89,94 രൂപ 4 ണ. 3 പൈസ.

(ഡി) 257,24 രൂപ 13 ണ, 8 പൈസ.

LIBRARY ARCHIVES Kerala Legislative Assembly